(എ) കോഴിക്കോട് ജില്ലയിലെ എലത്തൂർ, തലക്കളത്തൂർ, അത്തോളി, ഉള്ളിയേരി, ബാലുശ്ശേരി, പനങ്ങാട്, നൻമണ്ട മുതലായ പഞ്ചായത്തുകൾ ഏതൊക്കെ സെക്ഷനുക ളുടെ അധികാര പരിധിയിൽ വരുന്നതാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിൽ മേജർ സെക്ഷന്റെ സംവിധാനങ്ങൾ ഉള്ള സെക്ഷൻ എത്ര;

(സി) ഓരോ സെക്ഷനിലുമുള്ള ജീവനക്കാരുടെ തസ്തിക എത്ര എന്നും അതിൽ സ്ഥിരം തസ്തികകൾ എത്രയാണെന്നും വെളിപ്പെടുത്താമോ?

ഉത്തരം

(എ)

പഞ്ചായത്ത്		സെക്ഷൻ
എലത്തൂർ	..	എരഞ്ഞിക്കൽ
തലക്കളത്തൂർ	..	കക്കോടി, അത്തോളി
അത്തോളി	..	അത്തോളി
ഉള്ളിയേരി	..	അത്തോളി
ബാലുശ്ശേരി	..	ബാലുശ്ശേരി
പനങ്ങാട്	..	ബാലുശ്ശേരി

(ബി) മേജർ സെക്ഷനുകൾ നിലവിലില്ല. ബന്ധപ്പെട്ട സബ് ഡിവിഷനിലെ അസിസ്റ്റന്റ്, എക്സിക്യൂട്ടീവ് എൻജിനീയർ ഓരോ സെക്ഷനിലുമെത്തി വേണ്ടതായ നടപടികൾ നടത്തുന്നതുകൊണ്ട് എല്ലാ സെക്ഷനുകളിലും, ഒരേ തരത്തിലുള്ള സംവിധാനമാണിപ്പോൾ നിലവിലുള്ളത്.

(സി)

സെക്ഷൻ		തസ്തിക	സ്ഥിരം തസ്തിക
എരഞ്ഞിക്കൽ	..	31	31
കക്കോടി	..	49	49
അത്തോളി	..	45	45
ബാലുശ്ശേരി	..	53	53

ഇലക്ട്രിസിറ്റി ബോർഡിനു വേണ്ടി എ. ഡി. ബി. വായ്പ

12 [5968] ഡോക്ടർ തോമസ് ഐസക്:
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീമതി ഗിരിജാ സുരേന്ദ്രൻ:
ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിസിറ്റി ബോർഡിനു വേണ്ടി എ. ഡി. ബി. വായ്പ എടുക്കാൻ സർക്കാർ അന്തിമമായി തീരുമാനം എടുത്തിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഏതെല്ലാം കാര്യങ്ങൾക്കാണ് എ. ഡി. ബി.-ൽ നിന്നും വായ്പ എടുക്കാനുദ്ദേശിക്കുന്നത്; എന്തു തുകയുടെ വായ്പ എടുക്കുവാനുദ്ദേശിക്കുന്നു;

(സി) ഇപ്പോൾ ലഭ്യമായ ഏറ്റവും നല്ല വായ്പയാണോ എ. ഡി. ബി.-യുടേത്;

(ഡി) എ. ഡി. ബി. വായ്പയുടെ പലിശ നിരക്ക് എത്ര; തിരിച്ചടവ് രൂപയായിട്ടാണോ; എങ്കിൽ പലിശ നിരക്ക് എത്രയായിരിക്കും;

(ഇ) സംസ്ഥാനത്തെ ബാങ്കുകളുടെ വായ്പ-നിക്ഷേപ അനുപാതം കുറവാണെന്നിരിക്കെ ബാങ്കുകളിൽ നിന്നും വായ്പ സ്വീകരിക്കാതിരിക്കുന്നത് എന്തുകൊണ്ടാണ്;

(എഫ്) വായ്പ പലിശ നിരക്ക് കുറഞ്ഞുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഏറ്റവും കുറഞ്ഞ നിരക്ക് എത്രയായിരിക്കുമെന്നറിയാമോ; ബാങ്കുകളുമായി ഇക്കാര്യത്തെക്കുറിച്ച് ചർച്ച ചെയ്തിട്ടുണ്ടോ?

ഉത്തരം

(എ) തീരുമാനം എടുത്തിട്ടില്ല.

(ബി—ഡി) ഇലക്ട്രിസിറ്റി ബോർഡിലെ ഉൽപ്പാദന, പ്രസരണ, വിതരണ മേഖലയിലെ വിവിധ പദ്ധതികളുടെ വികസനത്തിനും, പുനരുദ്ധാരണത്തിനും വേണ്ടിയാണ് എ. ഡി. ബി. വായ്പ നൽകാമെന്ന് സർക്കാരിനോട് സമ്മതിച്ചിട്ടുള്ളത്.

വായ്പയുടെ തുകയും അതിലേക്കുള്ള പദ്ധതികളുടെ വിശദാംശങ്ങളും പഠിക്കുന്നതിന് എ. ഡി. ബി. അവരുടെ കൺസൾട്ടന്റായി ക്രിസിൽ ആന്റ് സെക്വന്റ് എന്ന സ്ഥാപനത്തെ നിയോഗിച്ചിട്ടുണ്ട്. ഇവരുടെ പഠനത്തിന്റെ അന്തിമ റിപ്പോർട്ട് ലഭിച്ചതിനുശേഷമേ വിലയിരുത്തൽ നടത്താനാകൂ. കേന്ദ്ര സർക്കാർ വഴിയാണ് എ. ഡി. ബി. വായ്പ ലഭിക്കുന്നത്. രൂപയായിട്ടാണ് തിരിച്ചടയ്ക്കുന്നത്. കേന്ദ്ര സർക്കാരിന് 10.5% പലിശ നൽകണം.

(ഇ, എഫ്) ബോർഡിന്റെ പദ്ധതിപ്രവർത്തനങ്ങൾക്കാവശ്യമായ തുക കണ്ടെത്തുന്നത് പവർ ഫിനാൻസ് കോർപ്പറേഷൻ, റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷൻ മുതലായ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന വായ്പ മുഖാന്തിരമാണ്. ഇതിനു പുറമേ ബോർഡിന് വായ്പ പ്രധാനമായും ആവശ്യമായി വരുന്നത് പ്രവർത്തന ചെലവിനും, കടബാദ്ധ്യതകൾ തീർക്കുന്നതിനുമാണ്. ഇതിനാവശ്യമായ തുക വായ്പയായി നൽകാൻ ഷെഡ്യൂൾഡ് ബാങ്കുകൾ സാധാരണയായി തയ്യാറാകാറില്ല. ബാങ്കുകളുടെ വായ്പാനിരക്ക് ഓരോ കാലയളവിലും അന്വേഷിച്ച് മറ്റ് സാമ്പത്തിക സ്ഥാപനങ്ങളുടെ വായ്പാ നിരക്കിനേക്കാൾ കുറവും മറ്റ് വ്യവസ്ഥകൾ ബോർഡിന് അനുകൂലവും ആണെങ്കിൽ ബാങ്കുകളിൽ നിന്ന് ഓവർ ഡ്രാഫ്റ്റ് സ്വീകരിക്കാറുണ്ട്. ഇതിനുപുറമേ നബാർഡിൽ നിന്ന് കുറഞ്ഞ പലിശയ്ക്ക് വായ്പ ലഭിക്കാനുള്ള സാദ്ധ്യതയെക്കുറിച്ച് സർക്കാരിന് ബോർഡ് സമർപ്പിച്ച മാർഗ്ഗരേഖ (പ്രൊപ്പോസൽ) സർക്കാർ പരിഗണനയിലാണ്. ഇപ്പോൾ ബോർഡിന് ബാങ്കുകൾ ഓവർഡ്രാഫ്റ്റ് വായ്പ നൽകുന്നത് ശരാശരി

LIBRARY ARCHIVES Kerala Legislative Assembly

10 ശതമാനം പലിശ നിരക്കിലാണ്. അതു കുറയ്ക്കുവാനായി നിരന്തരം ശ്രദ്ധിച്ചു കൊണ്ടിരിക്കുന്നു.

ചെറുകിട വ്യവസായങ്ങൾക്ക് കണക്ഷനുവേണ്ടി ലഭിച്ച അപേക്ഷകൾ

13 [5970] ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ:
,, സി. മമ്മൂട്ടി:
,, സി. മോയിൻകുട്ടി:
,, ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട വ്യവസായങ്ങൾക്ക് മിനിമം ഗ്യാരണ്ടിയിൽ വൈദ്യുതി കണക്ഷൻ നൽകുന്നത് സംബന്ധിച്ച് കഴിഞ്ഞ 2002-03 വർഷത്തിൽ മലപ്പുറം ജില്ലയിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര അപേക്ഷകർക്ക് കണക്ഷൻ കൊടുത്തു എന്ന് വ്യക്തമാക്കാമോ;

(സി) എത്ര അപേക്ഷകൾ ബാക്കിയുണ്ടെന്നും എന്നേക്ക് വൈദ്യുതി കൊടുക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) 425 അപേക്ഷകൾ

(ബി) 389 എണ്ണം

(സി) 36 എണ്ണം ബാക്കിയുണ്ട്. അപേക്ഷകർ തയ്യാറല്ലാത്തതിനാലാണ് കണക്ഷൻ കൊടുക്കാൻ താമസം നേരിടുന്നത്.

സൗജന്യമായി നൽകുന്ന വൈദ്യുതി

14 [5971] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓരോരുത്തർക്കും എത്ര യൂണിറ്റ് വൈദ്യുതി സൗജന്യമായി നൽകിവരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) ഗാർഹികേതര ആവശ്യങ്ങൾക്ക് വൈദ്യുതി സൗജന്യമായി വിതരണം ചെയ്തു വരുന്നുണ്ടോ;

(സി) ഇത്തരത്തിൽ വൈദ്യുതി സൗജന്യമായി എന്നുമുതലാണ് വിതരണം ചെയ്തു തുടങ്ങിയതെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly